ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെകീഴിൽ വിതരണം ചെയ്യാനായി വാങ്ങുന്ന മരുന്നുകൾ കാലാവധിക്കുശേഷം നശിപ്പിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത് :

2010-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ആഫീസർ ചെയർമാനായും ഡ്രഗ് ഇൻസ്പെക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി, ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ആഫീസർ, സ്റ്റോർ സൂപ്രണ്ട്, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ/സ്ഥാപനത്തിലെ ഫാർമസിസ്റ്റ്, നഴ്സിംഗ് സൂപ്രണ്ട്/ഹെഡ് നഴ്സ്/പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് നഴ്സ്, വെയർഹൗസ് മാനേജർ എന്നിവരടങ്ങുന്ന ജില്ലാതല കമ്മിറ്റി രൂപീകരിച്ചു.

ആരോഗ്യവകുപ്പിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കുന്നതിനുള്ള കണ്ടംനേഷൻ കമ്മിറ്റികൂടി തീരുമാനിച്ച് ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള IMAGE" (IMA Goes Ecofriendly) സ്കീമിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങൾ 'ഇമേജ്' വഴി നീക്കംചെയ്ത് നശിപ്പിക്കേണ്ടതാണ്.

പ്രാഥമികാരോഗ്യകേന്ദ്രം/സാമൂഹികാരോഗ്യകേന്ദ്രം തുടങ്ങിയ ഈ സ്കീമിൽ ചേർന്നിട്ടില്ലാത്ത സ്ഥാപനങ്ങൾ പരിസ്ഥിതിക്ക് ഹാനികരമാകാത്ത രീതിയിൽ ആഴത്തിലുള്ള കുഴികളെടുത്ത് (Deep Burial) സംസ്കരിക്കുന്നു.

(ബി) ആരോഗ്യവകുപ്പ് മരുന്നുകൾ നശിപ്പിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) മരുന്നുകൾ നശിപ്പിച്ചിട്ടില്ല.

ഡോക്ടർമാരുടെ കുറിപ്പടികൾ

99 (6804) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ മരുന്ന് കുറിപ്പടികൾ മനസ്സിലാകുന്നില്ലെന്ന കാരണത്താൽ മരുന്നുകൾതന്നെ മാറിപ്പോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ മാത്രമേ എഴുതാവൂ എന്ന മെഡിക്കൽ കൗൺസിൽ (ഐ.എം.സി.) നിർദ്ദേശം നടപ്പിലാക്കുന്നതിന് ഡോക്ടർമാരുടെ സംഘടനയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ശിപാർശ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോക്ടർമാരുടെ സംഘടനയുമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മലപ്പുറം, മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി

100 (6805) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ അനുവദിക്കുന്നതിന് മുൻഗണന നൽകുമോ ;

(സി) മലപ്പുറം ജില്ലയിലെ "മുതുവല്ലൂരിൽ" ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

(ബി) മുൻഗണന നൽകുന്നുണ്ട്.

(സി) മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് സംവിധാനം

101 (6806) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. വി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസിനായി പ്രതിദിനം ശരാശരി എത്ര രോഗികൾ എത്തുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഒരു കിഡ്നി പേഷ്യന്റിന് ഡയാലിസിസിനുമുൻപ് ഏതെല്ലാം പരിശോധനയ്ക്ക് വിധേയനാകണമെന്നും രക്തത്തിലെ വിവിധ ഘടകങ്ങളുടെ സന്തുലിതാവസ്ഥ ക്രമപ്പെടുത്തുന്നതിന് ഏതെല്ലാം മരുന്നുകൾ ഇഞ്ചക്റ്റ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly